**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2021-22 - അഗളി ഗ്രാമ പഞ്ചായത്ത് - 2019-20 സാമ്പത്തിക വർഷം പൊതുആവശ്യ ഫണ്ടിന്റെ 8,9 എന്നീ ഗഡുക്കളായി അനുവദിച്ചതും വിടവ് നികത്തൽ ഫണ്ടും ട്രാസ്സർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക വീണ്ടും പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം.7548/2021/ധന തീയതി, തിരുവനന്തപുരം., 23 നവംബർ 2021

---

പരാമർശം. 1) സ.ഉ (സാധാ)നം.2074/2021/ധന തീയതി 05/03/2021
2) അഗളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 29/09/2021 ലെ നിവേദനം.
3) ട്രഷറി ഡയറക്ടറുടെ 06/11/2021-ലെ TRY/3709/2021-E2 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

2019-20 സാമ്പത്തിക വർഷം അഗളി ഗ്രാമപഞ്ചായത്തിന് അനുവദിച്ച പൊതുആവശ്യ ഫണ്ടിന്റെ 8,9 എന്നീ ഗഡുക്കൾ തുകയും വിടവ് നികത്തൽ ഫണ്ടും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ പഞ്ചായത്തിന് പരാമർശം (1) പ്രകാരം പുനരനുവദിച്ചിരുന്നുവെന്നും. എന്നാൽ ടി ഉത്തരവ് യഥാസമയം പഞ്ചായത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ സാധിച്ചിരുന്നില്ലായെന്നും മനഃപൂർവമല്ലാതെ സംഭവിച്ച ഈ വീഴ്ച മാപ്പാക്കി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം അഗളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) 2020-21 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും അഗളി ഗ്രാമപഞ്ചായത്തിന് പുനരനുവദിച്ച് നൽകിയ 30,93,567/- രൂപയുടെ ബിൽ അഗളി ഗ്രാമപഞ്ചായത്ത് ട്രഷറിയിൽ സമർപ്പിച്ചിരുന്നില്ലായെന്നും ആയതിനാൽ ട്രഷറിയിൽ നിന്നും പ്രസ്തുത ബിൽ പാസ്സാക്കി നൽകിയിട്ടില്ലെന്നും പരാമർശം (3) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അഗളി ഗ്രാമപഞ്ചായത്തിന് പരാമശം (1) പ്രകാരം പുനഃരനുവദിച്ച തുകയായ **30,93,567/- രൂപ (മുപ്പത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അഞ്ഞൂറ്റി അറുപത്തി ഏഴ് രൂപ മാത്രം)** 2021-22 സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-83-(05)-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും അഗളി ഗ്രാമപഞ്ചായത്തിന് (G090601) വീണ്ടും പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, അഗളി ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1879844)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.